# സാമൂഹ്യ പ്രത്യാഘാത പഠനം
# വെങ്ങാലൂർ 220 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം
# തലക്കാട് വില്ലേജ്, തിരൂർ താലൂക്ക്, മലപ്പുറം ജില്ല
# 85.75 ആർ

## കരട് റിപ്പോർട്ട്
## തീയതി : 20/05/2022

റിക്വസിഷൻ അധികാരി
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(കെ.എസ്.ഇ.ബി. ലിമിറ്റഡ്)


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.org


KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# ഉള്ളടക്കം

1. ആമുഖം

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതനുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭി പ്രായങ്ങൾ

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

1.8. സാമൂഹിക പ്രത്യാഘാതം

1.9.. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന നടപ്പാക്കൽ ഏജൻസി പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ

1.10. .സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റ ങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും

1.11. പ്രത്യാഘാത ലഘൂകരണം

1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.13. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയി



KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

രുത്തൽ സൂചകങ്ങൾ

1.15.. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# സാമൂഹ്യ പ്രത്യാഘാത പഠനം

**വെങ്ങാലൂർ 220 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം**
**തലക്കാട് വില്ലേജ്, തിരൂർ താലൂക്ക്, മലപ്പുറം ജില്ല**
**85.75 ആർ**

## അദ്ധ്യായം - 1
## പഠന റിപ്പോർട്ട് - രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

രണ്ടായിരത്തി പതിനാലിൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഒരു സമഗ്ര പ്രസരണ പദ്ധതി നിർദ്ദേശിക്കുകയുണ്ടായി. രണ്ടായിരത്തി പതിനാറിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ തിരുമാനിക്കുകയും ആയതിന് വേണ്ടി 110 കെ.വി., 220 കെ.വി., 440 കെ.വി., സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ ആവശ്യമായ ഭൂമി കണ്ടെത്താൻ, കെ.എസ്.ഇ.ബി.യോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും ആവശ്യപ്പെടുകയും ചെയ്തു. രണ്ട് ഘട്ടങ്ങളായി 2023-ഓടെ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ഭാഗമാണ് വെങ്ങാലൂർ 220 കെ.വി. സബ്സ്റ്റേഷൻ. വിതരണത്തിലും പ്രസരണ നഷ്ടം കുറച്ച് വൈദ്യുതിയുടെ സുരക്ഷിതമായ ലഭ്യത ഉറപ്പാവരുത്താൻ ആണ് പദ്ധതി ഉദ്ധേശിക്കുന്നത്. ചെറുകിട വ്യവസായ യൂണീറ്റുകൾ വൻതോതിൽ പ്രവർത്തനം നടത്തുന്ന മലപ്പുറം ജില്ലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും കൂടെ കൂടെ ഉണ്ടാവുന്ന വൈദ്യുതി തടസ്സം ഒഴിവാക്കാനും പദ്ധതി സഹായിക്കും.

### 1.2. പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ വെങ്ങാലൂർ വില്ലേജിലെ സ്ഥലം ആണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. ജില്ലാ ആസ്ഥാനത്ത് നിന്നും മുപ്പത്തിആറ് കിലോമീറ്ററും, തിരൂർ പട്ടണത്തിൽ നിന്നും ഏഴ് കിലോമീറ്ററും അകലെ സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം തികച്ചും കാർഷിക പ്രാധാന മേഖലയാണ്. ഏറ്റെടുക്കുന്ന ഭൂമിയുടെ ഇരുപത്തഞ്ച് ശതമാനം വയലും, ശേഷിക്കുന്നത് തെങ്ങ് കൃഷി നടത്തുന്ന ഭൂമിയുമാണ്. അതായത് പദ്ധതിപ്രദേശം പൂർണ്ണമായും കാർഷിക ഭൂമിയാണ്. രണ്ട് പഞ്ചായത്ത് റോഡുകൾ, തെക്ക് വടക്ക് ഭാഗത്ത് കൂടെ കടന്നു പോകുന്നു. നല്ല ജലസേചന സൗകര്യം ഉള്ള പദ്ധതിപ്രദേശത്തിന്റെ നൂറ് വാര ചുറ്റളവിൽ ഉദ്ദേശം പതിനഞ്ചോളം വീടുകൾ ഉണ്ട്, തെങ്ങ് കൃഷി നടക്കുന്ന ഭൂമിയിൽ രണ്ട് കിണറുകളും, ജലസേചനത്തിന് സ്ഥാപിച്ചിരിക്കുന്ന ജലവിതരണ പൈപ്പുകളും , ചുറ്റ് മതിലുകളും, വാടകയ്ക്ക് കൊടുത്തിരിക്കുന്ന ഒരു മൂന്ന് മുറി കെട്ടിടവും ആണ് പദ്ധതി ഭൂമിയിലെ ചമയങ്ങൾ.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ), തിരൂർ, മലപ്പുറം ആണ് തിരൂർ താലൂക്കിൽ തലക്കാട് വില്ലേജിൽ വേങ്ങലൂർ 220 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്.

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

ആറ് കുടുംബങ്ങളുടെ ഉടമസ്ഥാവകാശത്തിലുള്ള 85.75 ആർ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതി ബാധിതരിൽ ഒരാൾ ഒഴികെ ആരും തന്നെ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല. പദ്ധതി ബാധിതരായ ഭൂ ഉടമസ്ഥർ എല്ലാം മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതിയിൽ ഉള്ളവരും കൃഷിയോ, കച്ചവടമോ ഉപജീവന മാർഗ്ഗം ആക്കിയവരോ ആണ്. ഭൂ ഉടമസ്ഥരുടെ പ്രായ വിതരണം സൂചിപ്പിക്കുന്നത് എല്ലാവരും നാൽപ്പത് വയസ്സിന് മുകളിൽ പ്രായമുള്ളവരും പത്താം തരമോ അതിൽ കൂടുതലോ വിദ്യാഭ്യാസം ഉള്ളവരുമാണ്. എല്ലാവരും മുസ്ലീം സമുദായത്തിൽപ്പെട്ടവരും പദ്ധതി പ്രദേശത്ത് കുടുംബ ബന്ധങ്ങൾ ഉള്ളവരുമാണ്.

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

85.75 ആർ ഭൂമിയാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത്. പദ്ധതി ഭൂമി പൂർണ്ണമായും കൃഷി ഭൂമിയാണ്. അതിൽ 75% നാണ്യ വിള ഭൂമിയും 25% നെൽ വയലുമാണ്. രണ്ട് പഞ്ചായത്ത് റോഡുകളുടെ മധ്യേ സ്ഥിതി ചെയ്യുന്ന പദ്ധതി ഭൂമി ജല ലഭ്യതയുള്ളതും ഗതാഗത സൗകര്യം ഉള്ളതുമാണ്. പദ്ധതി ഭൂമിക്ക് നൂറ് വാര ചുറ്റളവിൽ ഉദ്ദേശം പതിനഞ്ചോളം ഭവനങ്ങൾ ഉണ്ട്. പദ്ധതി ഭൂമി ആറ് ഭൂഉടമസ്ഥരുടെ ഉടമസ്ഥതയിലുള്ളതാണ്.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

കേരള സർക്കാർ ഉടമസ്ഥതയിൽ നടത്തുന്ന വൈദ്യുത ഉത്പാദന, പ്രസരണ, വിതരണ കമ്പനിയാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അഥവാ കെ.എസ്.ഇ.ബി. ലിമിറ്റഡ്.

1957 ൽ ആണ് കെ.എസ്.ഇ.ബി പ്രവർത്തനം തുടങ്ങിയത്. കെ.പി. ശ്രീധരകൈമൾ ചെയർമാനായി അഞ്ച് മെമ്പർമാരുടെ സഹകരണത്തോടെയാണ് കമ്പനിയുടെ തുടക്കം. തിരുക്കൊച്ചിയിലെ വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് പിന്നീട് കെ.എസ്.ഇ.ബിയിലേക്ക് മാറ്റിയത്. 2014 ഓഗസ്റ്റിൽ വൈദ്യുതി ബോർഡിനെ ലിമിറ്റഡ്എന്ന കമ്പനിയാക്കി മാറ്റി. 1958 ൽ തുടക്കക്കാലത്ത് 109.5 മെഗാവാട്ട് വൈദ്യുതിയുമായാണ് ബോർഡ് പ്രവർത്തനം തുടങ്ങിയത്. പിന്നീട് ആവശ്യകത ഉയർന്നപ്പോൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി കടം വാങ്ങാൻ തുടങ്ങി. ഇന്നിപ്പോൾ ബോർഡിന് ധാരാളം ജലവൈദ്യുത

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

പദ്ധതികളുണ്ട്. 2008 ലെ കണക്കു പ്രകാരം 2657.24 മെഗാവാട്ട് വൈദ്യുതി ബോർഡ് വിവിധ പദ്ധതികളിലൂടെ ഉദ്പാദിപ്പിക്കുന്നുണ്ട്. ഏതാണ്ട് 91,59,399 ഉപയോക്താക്കൾ നിലവിലുണ്ട്.

2012 മാർച്ച് 31ലെ കണക്കു പ്രകാരം 2874.79 മെഗാവാട്ട് ആണ് കെ.എസ്.ഇ.ബി.യുടെ മൊത്തം സ്ഥാപിതശേഷി. എന്നാൽ ഇതിൽ സംഭരണാവശ്യത്തിനുള്ള ചെറുകിട നിലയങ്ങളും അന്യസംസ്ഥാനങ്ങളിൽ കെ.എസ്.ഇ.ബി.യ്ക്ക് അവകാശപ്പെട്ട പദ്ധതിവിഹിതങ്ങളും ഉൾപ്പെടുന്നു.

നിലവിൽ എട്ടു ജലവൈദ്യുത പദ്ധതികൾ നിർമ്മാണത്തിലും 37 ജലവൈദ്യുത പദ്ധതികൾ പ്ലാൻ ചെയ്തിട്ടുമുണ്ട്.

കെ.എസ്. ഇ. ബി.യുടെ കീഴിൽ പ്രസരണാവശ്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ളത് 400 കെ.വി, 220കെ.വി, 110കെ.വി, 66കെ.വി, 33കെ.വി എന്നീ വൈദ്യുത തീവ്രതകളുള്ള സബ്സ്റ്റേഷനുകളാണ്. ഇവ കൂടാതെ, അതതുപ്രദേശങ്ങളിലെ വിതരണത്തിനായി 11 കെ.വി സബ്സ്റ്റേഷനുകൾ (ട്രാൻസ്ഫോർമറുകൾ) കൂടിയുണ്ട്.

**(ബി).പദ്ധതി നിർവ്വഹണ ഘട്ടം**

ബഹുമാനപ്പെട്ട ഗവൺമെന്റ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നടപ്പാക്കൽ സംബന്ധ മായി സർക്കാർ നടപ്പാക്കൽ ഏജൻസിക്ക് അനുമതി പത്രം നൽകുകയും ഭൂമി ഏറ്റെടുക്കൽ വിഭാഗം പ്രാഥമിക സർവ്വേ നടത്തുകയും ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരുകൾ നിശ്ചയിക്കു കയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

**(സി).പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും**

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1894<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ പുനരധിവാസവും പുന സ്ഥാപനവും |
| 3 | കേരള തണ്ണീർത്തട സംരക്ഷണ നിയമം | തണ്ണീർത്തട ങ്ങൾ വിക സന കാര്യങ്ങൾക്ക് ഉപ |



KERALA VHS COLLECTORATE P.O. KOTTAYAM-2

| | | |
|---|---|---|
| | | യോഗപ്പെടുത്തുന്നത് സംബന്ധിച്ച് |

**1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ**

പദ്ധതിയുടെ സ്ഥല നിർണ്ണയം സംബന്ധമായി ജനപ്രതിനിധികളും, സാങ്കേതിക വിദഗ്ധരും പല സ്ഥലങ്ങളും പരിശോധിക്കുകയും സാങ്കേതിക മികവിന്റെയും മറ്റ് പരിഗണനകളുടെയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട സ്ഥലം നിശ്ചയിക്കുകയും ആയിരുന്നു. അതുകൊണ്ട് തന്നെ പദ്ധതി സംബന്ധമായുള്ള ബദൽ നിർദ്ദേശങ്ങൾ പഠന സമയത്ത് ജനപ്രതിനിധികളോ, ജനങ്ങളോ നിർദ്ദേശിക്കുക ഉണ്ടായില്ല.

## 1.6 സമീപനവും രീതി ശാസ്ത്രവും

**(എ). പശ്ചാത്തലം**

കേരളാ ഗസറ്റ് നം.1491, തീയതി 07 മെയ് 2022 ഉം വിജ്ഞാപനം നം.ഡി.സി.എം. പി.എം/2562/2020/ എൽ.എ.-4, തീയതി 23 ഏപ്രിൽ 2022 അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ഈ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

**(ബി).സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും**

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 28 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവര ശേഖകൻ | 13 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേഖരണം | 17 വർഷത്തെ പ്രവർത്തന പരിചയം |



KERALA V.H.S. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 4. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 27 വർഷത്തെ പ്രവർത്തി പരിചയം |

## (സി).പഠന സമീപനം

പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതന്റെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി പ്രദേശത്ത് പദ്ധതി സംബന്ധമായി താൽപര്യമുള്ളവരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതന് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശവും സമീപ സ്ഥലങ്ങളും സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതി ഭൂമിയുടെ ഉടമസ്ഥനെയും നേരിൽ കണ്ട് വിവര ശേഖരണം നടത്തുകയുണ്ടായി.

## (ഡി). നടപടികളും സമയക്രമങ്ങളും

25/03/2022 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ ജില്ലാ കളക്ടറുടെ കത്ത് ലഭ്യമായി.
07/05/2022 - സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ വിജ്ഞാപനം.
11/05/2022 - 13/05/2022 - സാമൂഹിക സർവ്വേ
20/05/2022 - കരട് റിപ്പോർട്ട്

## (ഇ).പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ ഭൂവുടമ തയ്യാറാണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം**

നിർദ്ദിഷ്ട പദ്ധതിയും അതിന്റെ തുടർ നടത്തിപ്പിന് വേണ്ടി വരുന്ന പശ്ചാത്തല സൗകര്യ വികസനവും പ്രദേശത്തിന്റെ പൊതുവായ വികസനത്തിന് നിർണ്ണായക ഘടകമാകാൻ സാധ്യതയുണ്ട്. പദ്ധതി സ്ഥാപിക്കപ്പെടുന്നതു മൂലം പദ്ധതി പ്രദേശത്തിന് ഉണ്ടാകാവുന്ന പ്രാധാന്യം, സമീപസ്ഥ പ്രദേശങ്ങളുടെ വ്യാപാര- വാണിജ്യ പുരോഗതിക്ക് സഹായകരമാണ്.

**1.8. സാമൂഹിക പ്രത്യാഘാതം**

ആറ് ഭൂ ഉടമസ്ഥർക്ക് ഭൂമി നഷ്ടം സംഭവിക്കുന്നു എന്നുള്ളതും 0.8075 ഹെക്ടർ കൃഷി ഭൂമി കാർഷികേതര പ്രവർത്തനങ്ങൾക്ക് മാറ്റപ്പെടുന്നു എന്നുള്ളതുമാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. എന്നാൽ പദ്ധതി, പദ്ധതി പ്രദേശത്തിന്റെയും തിരൂർ പരപ്പനങ്ങാടി പ്രദേശങ്ങളുടെ വൈദ്യുതി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ആകും എന്നതിനാലും പദ്ധതി പ്രദേശത്തിനുണ്ടാകാവുന്ന പ്രാധാന്യം പ്രാദേശിക വികസനത്തെ ത്വരിതപ്പെടുത്തും എന്നതിനാലും, പദ്ധതി പ്രത്യാഘാതത്തെക്കാൾ ഉപരി ഗുണഫലങ്ങൾ പ്രദാനം ചെയ്യാൻ പര്യാപ്തമാണ്. എന്നാൽ പദ്ധതി പ്രദേശത്തിന് നൂറ് വാര ചുറ്റളവിൽ താമസിക്കുന്ന പതിനഞ്ചോളം ഭവനങ്ങൾ തങ്ങളുടെ സുരക്ഷിത ജീവിതത്തിന് പദ്ധതി വിഘാതമാകുമോ എന്ന് ആശങ്കപ്പെടുകയും സംശയിക്കപ്പെടുകയും ചെയ്യുന്നു. നടപ്പാക്കൽ ഏജൻസിയുടെ സാങ്കേതിക വിദഗ്ദർ മതിയായ വിശദീകരണങ്ങൾ നൽകി ആശങ്കകൾ ദൂരികരിക്കേണ്ടതാണ്. 2016- ൽ പദ്ധതി സംബന്ധമായി പ്രാരംഭ ചർച്ചകൾ ഭൂഉടമസ്ഥരുമായി നടത്തുകയും 2019 ൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാലും കോവിഡ് മഹാമാരി മൂലവും തുടർ നടപടികൾ നീണ്ടു പോവുകയായിരുന്നു. വാണിജ്യ വിളകൾ പ്രധാനമായും തെങ്ങ് കൃഷി നടത്തുന്ന ഭൂ ഉടമസ്ഥൻ പരാതിപ്പെട്ടത് മേൽപ്പറഞ്ഞ കാല താമസം തന്റെ ഭൂമിയിലെ വിളവിനെയും ആയത് മൂലം ആയിരകണക്കിന് രൂപയുടെ നഷ്ടവും ഉണ്ടായി എന്നാണ്. കൂടാതെ ഭൂമി കൈമാറ്റം സാധ്യമല്ലാതെ വന്നത് മൂലം സാമ്പത്തിക നഷ്ടം ഉണ്ടായതായും ഭൂഉടമസ്ഥർ പരാതിപ്പെടുന്നു.

**1.9.. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന നടപ്പാക്കൽ ഏജൻസി പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ**

ബാധകമല്ല

**1.10. .സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും**

ബാധകമല്ല

KERALA VHS MULLANKUZHY KOTTAYAM 2 COLLECTORATE P.O.

1.11. പ്രത്യാഘാത ലഘൂകരണം

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | വാടക താമസ ഭവനങ്ങളുടെ നഷ്ടം | നഷ്ടപരിഹാരം പുനരധിവാസം | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2 | ഭൂമിയുടെ നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3. | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 5 | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 6 | കിണറുകളുടെ നഷ്ടം | നിയന്ത്രണം ഒഴിവാക്കുക | സാധ്യമാകുമ്പോളം സംരക്ഷിക്കുക |
| 7 | ജലവിതരണ പൈപ്പുകളുടെ നഷ്ടം | പുനസ്ഥാപനം | പുനസ്ഥാപനം |
| 8 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 9 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 10 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

1.12. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നില വാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | വാടക താമസ ഭവനങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | ഉയർന്ന | മധ്യമം/ കുറഞ്ഞ | നഷ്ട പരിഹാരം നൽകുകയും പുനരധിവാസ പുനർവാസ രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. കെട്ടിട നിർമ്മാണ നിയമങ്ങളിൽ ആവശ്യമെങ്കിൽ ഇളവ് നൽകുക. |
| 2 | ഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 5 | നാണ്യ വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 6 | കിണറുകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | സാധ്യമാകുമ്പോളും സംരക്ഷിക്കുക |
| 7 | ജലവിതരണ പൈപ്പുകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | പുനസ്ഥാപനം |
| 8 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ |



KERALA V H S MULANTHURUTHY KOTTAYAM COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 9 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 10 | പരാതി പരിഹാരം | പോസിറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.13. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം**

| സാമൂഹ്യ പ്രത്യാഘാത പരിഹാര ഉത്തരവാദിത്തം | നിർവ്വഹിക്കുന്ന പ്രധാന വ്യക്തികൾ |
|---|---|
| ജില്ലാ കളക്ടർ | നഷ്ട പരിഹാര നിർണ്ണയവും പരാതി പരിഹാരവും |
| ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| സ്പെഷ്യൽ തഹസിൽദാർ | ഭൂമി ഏറ്റെടുക്കൽ, നഷ്ട പരിഹാര നിർണ്ണയം |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | നടപ്പാക്കൽ ഏജൻസി |
| ജില്ലാ ഫോറസ്റ്റ് ഓഫീസർ | മരങ്ങളുടെ നഷ്ടപരിഹാരം നിർണ്ണയിക്കൽ |
| റിക്വസിഷൻ അധികാരികൾ | പുനരധിവാസവും പുനസ്ഥാപനവും |

KERALA V H S MULLAKKODAY KOTTAYAM-2 COLLECTORATE P.O.

### 1.14. സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി-പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

- നഷ്ടപരിഹാരം കണക്കാക്കുവാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ.
- പരാതി പരിഹാര സമിതിയുടെ രൂപീകരണം.
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന സമയം.
- നഷ്ടപരിഹാര വിനിയോഗം
- പരാതി പരിഹാര സമിതി നടത്തിയ യോഗങ്ങൾ, തീരുമാനങ്ങൾ
- കോടതി കേസുകളുടെ എണ്ണം

### 1.15. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

പദ്ധതി ബാധിതരായ ഭൂ ഉടമസ്ഥർക്ക് ആർക്കും തന്നെ ഭൂമി നഷ്ടത്തിലൂടെ അവരുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിലോ സാമൂഹ്യ അവസ്ഥയിലോ പിന്നോക്കം പോകുന്നില്ല എന്നുള്ളത് കൊണ്ട് തന്നെ പദ്ധതിയുടെ പ്രത്യാഘാതത്തെ ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. എന്നാൽ പദ്ധതി സംബന്ധമായി ഉണ്ടായിരിക്കുന്ന കാലതാമസം പദ്ധതി ഭൂമി കൃഷിക്കോ, കൈമാറ്റത്തിനോ ഉപയോഗപ്പെടാത്ത വിധം നിശ്ചലാവസ്ഥയിൽ ആക്കിയിരിക്കുന്നത് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടുണ്ട് എന്ന് പദ്ധതി ബാധിതർ അവകാശപ്പെടുന്നു. കൂടാതെ പല സാമ്പത്തിക താൽപ്പര്യങ്ങളും മുന്നിൽ കണ്ട് ഭൂമി സ്വന്തമാക്കിയ ഭൂ ഉടമസ്ഥർക്ക് പ്രസ്തുത കാര്യങ്ങൾക്ക് വേണ്ടി ഭൂമി ഉപയോഗപ്പെടുത്താൻ സാധ്യമായില്ല എന്നതും പ്രത്യാഘാതമായി പദ്ധതി ബാധിതർ ചൂണ്ടികാട്ടുന്നു. എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങളും പരിഗണിച്ച് ന്യായമായ നഷ്ടപരിഹാരം ലഭ്യമാക്കിയാൽ പദ്ധതിക്ക് വേണ്ടി ഭൂമി നൽകാൻ തയ്യാറാണ് എന്ന പദ്ധതി ബാധിതരുടെ അഭിപ്രായം പ്രത്യാഘാത ലഘൂകരണ സാധ്യത വളരെ വലുതാണ് എന്ന് സൂചിപ്പിക്കുന്നു. പദ്ധതി പ്രദേശത്തിന്റെ നൂറ് വാര ചുറ്റളവിൽ താമസിക്കുന്ന പദ്ധതി തങ്ങളുടെ സുരക്ഷിത ജീവിതത്തിന് വിഘാതമാകുമോ എന്ന് ആശങ്കപ്പെടുന്നു. സാങ്കേതിക വിദഗ്ദരുടെ ശരിയായ വിശദീകരണം ഇക്കാര്യത്തിൽ പ്രത്യാഘാത ലഘൂകരണത്തെ സഹായിക്കുന്ന നടപടിയാണ്. പദ്ധതി ഭൂമിയുടെ ഭാഗമായ നാണ്യ വിളകൾ കൃഷി ചെയ്യുന്ന ഭൂമിയിൽ പ്രധാനമായും തെങ്ങ് കൃഷിയാണ് പ്രധാനമായും നടന്ന് വരുന്നത്. പദ്ധതി സംബന്ധമായ പ്രാരംഭ ചർച്ചകൾക്ക് ശേഷം ഭൂ ഉടമസ്ഥർ പ്രസ്തുത കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചില്ല. അതുകൊണ്ട് തന്നെ പദ്ധതിയുടെ കാലതാമസം വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതായി മേൽപ്പറഞ്ഞ ഭൂ ഉടമസ്ഥർ പരാതിപ്പെടുന്നു. പ്രസ്തുത തെങ്ങ് കൃഷിയിലെ ജലസേചനത്തിനായി നല്ല രീതിയിൽ ജല സേചന സംവിധാനം കിണർ ഉൾപ്പെടെ പ്രസ്തുത കൃഷിയിടത്തിൽ സജ്ജീകരിച്ചിരുന്നു. ചമയങ്ങളിൽ ഉൾപ്പെടുത്തി പ്രസ്തുത വിതരണ സംവിധാനത്തിന് നഷ്ട പരിഹാരം നൽകേണ്ടത് പ്രത്യാഘാത ലഘൂകരണ നടപടിയാണ്. പദ്ധതി ഭൂമി പൂർണ്ണമായും കൃഷി ഭൂമിയായതിനാൽ 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരം എൺപത് ശതമാനം ഭൂ ഉടമസ്ഥരുടെ അനുവാദം ഭൂമി ഏറ്റെടുക്കലിന് ആവശ്യമാണ്. ആയത് ഉറപ്പ് വരുത്തുന്നതും പ്രത്യാഘാത ലഘൂകര



KERALA VHSE MULLAKKODI KOTTAYAM COLLECTORATE P.O.

ണത്തെ ത്വരിതപ്പെടുത്തും. പദ്ധതി പ്രാദേശിക വികസനത്തെ സഹായിക്കും എന്നതും പദ്ധതി പ്രദേശത്തെ വിശിഷ്യ ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളുടെ വൈദ്യുതി പ്രശ്നം പരിഹരിക്കുകയും ചെയ്യും. മേൽപ്പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത് പദ്ധതിയുടെ പൊതുതാൽപ്പര്യം മികച്ചത് എന്നും സുതാര്യമായ പദ്ധതി ഭൂമിയുടെ കണ്ടെത്തലിലൂടെ ബദൽ നിർദ്ദേശങ്ങൾക്ക് സാധ്യതയില്ല എന്നും ന്യായമായ നഷ്ട പരിഹാര നിർണ്ണയത്തിലൂടെ പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാം എന്നുമാണ്. അതുകൊണ്ട് തന്നെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരം, സുതാര്യത, പുനരധിവാസ- പുനർവാസനിയമം 2013-ഉം ചട്ടങ്ങളും പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളുമായി സർക്കാരിന് മുന്നോട്ട് പോകാവുന്നതാണ്.

**സാജു വി.ഇട്ടി**
**ചെയർമാൻ**
**സാമൂഹ്യ പ്രത്യാഘാത യൂണിറ്റ്**

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **ഗസറ്റ് നോട്ടിഫിക്കേഷൻ**

KERALA V H S COLLECTORATE P.O. MULLANKUZHY KOTTAYAM-2

അനുബന്ധം 1

## തിരൂർ താലൂക്ക്, തലക്കാട് വില്ലേജ് വെങ്ങാലൂർ 220 കെ.വി. സബ് സ്റ്റേഷൻ പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ

| ക്രമ നം. | സർവ്വേ /നമ്പർ | പേരും മേൽവിലാസവും | ഫോൺ നമ്പർ | ബാധിക്കപ്പെടുന്ന വസ്തുവിന്റെ വിവരണം |
|---|---|---|---|---|
| 1 | 180/4 | ശ്രീമതി ആയിഷ ചെങ്ങണക്കാട്ടിൽ D/o കുഞ്ഞാലി, ഫാത്തിമ സുഹറ, സെയ്താലികുട്ടി, ഷെബീർ അലി, ഷാഫി, സെയ്ഫുന്നീസ, റാഷിദ് തൊട്ടിയത്തിൽ ഹൗസ്, തെക്കൻ കുറ്റൂർ പി.ഓ. തിരൂർ | 9645010907 | സ്ഥലം, മരങ്ങൾ |
| 2 | 180/5 | (Late) ആസിയ, ഫാത്തിമ വി.കെ. പാങ്ങാടൻ ഹൗസ് തെക്കൻ കുറ്റൂർ പി.ഓ. തിരൂർ , ഒസാംപടി | 9995886783 | സ്ഥലം, മരങ്ങൾ |
| 3 | 179/2 | അബ്ദുൾ റഹിമാൻ കെ.പി. s/o സെയ്തലവി, കാവുങ്ങപ്പറമ്പിൽ ഹൗസ്, തിരൂർ പി.ഓ. | 9847552222 | സ്ഥലം, മരങ്ങൾ |
| 4 | 179/3 | (Late) ഫാത്തിമ കെ. D/o മുഹമ്മദ് അബ്ദുൾ അസീസ്, അബ്ദുൾ നാസർ, റംല, ഹഫ്സത്ത്, സെഫിയ, സുലൈഖ, ലൈല, കമറുന്നീസ, മുംതാസ്, അബൂബക്കർ സിദ്ധിക് തറമ്മൽ, ഇല്ലത്ത് വളപ്പിൽ, തൃക്കണ്ടിയൂർ പി.ഓ. തിരൂർ, മുത്തൂർ | 9744569383 | സ്ഥലം, മരങ്ങൾ |
| 5 | 179/3 | മൂസക്കുട്ടി, s/o മമ്മാലി, തിരുടപ്പറമ്പിൽ വെങ്ങാലൂർ, തിരൂർ, | 9539100446 | സ്ഥലം, മരങ്ങൾ |
| 6 | 179/3 | അബ്ദുൾ റഹിമാൻ, s/o മമ്മാലി, തിരുടപ്പറമ്പിൽ വെങ്ങാലൂർ, തിരൂർ, | 8592813183 | സ്ഥലം, മരങ്ങൾ |

KERALA V.H.S.S. MULLANKUTTHY KOTTAYAM-2 COLLECTORATE P.O.

അനുബന്ധം 2

# PHOTOGRAPHS














KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2022 മേയ് 07<br>07th May 2022<br>1197 മേടം 24<br>24th Medam 1197<br>1944 വൈശാഖം 17<br>17th Vaisakha 1944 | നമ്പർ<br>No. | 1491 |

FORM NO. 4

[*See* Rule 11(3)]

NOTIFICATION

No. DCMPM/2562/2020/LA-4. *23rd April, 2022.*

WHEREAS, it appears to the appropriate Government and the District Collector, Malappuram that the land specified in the schedule below is needed or likely to be needed for a public purpose, to wit for Land Acquisition for the Construction of Vengallur 220KV Substation in Malappuram District;

WHEREAS, in exercise of powers conferred by the provisions to clause (e) of section 3 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013), Government of Kerala have notified and authorized the District Collector as appropriate Government as per G.O.(P) No. 376/2016/RD

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

dated 29-6-2016 and published as SRO No. 468/16, in Kerala Gazette dated 8-7-2016 for the purpose of acquisition of land not exceeding 200 Ares in a District for public purpose;

AND WHEREAS, in exercise of powers conferred in sub-section (1) of section 4 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 (Central Act 30 of 2013) the Appropriate Government and the District Collector, Malappuram, have decided to conduct a Social Impact Assessment in the area specified in the schedule below;

NOW, THEREFORE, sanction is accorded to the Unit "Kerala Voluntary Health Services, Mullankuzhi, Collectorate P. O., Kottayam, Pin-686 002" to conduct a Social Impact Assessment Study and to prepare a Social Impact Management Plan as provided in the Act. The process shall be completed within a period of 35 days, not exceeding six months in any case.

SCHEDULE

*District*—Malappuram. *Taluk*—Tirur.

*Village*—Thalakkad. *Desom*—Thekkankuttoor.

| *Sl. No.* | *Survey No.* | *Description* | *Extent* |
|---|---|---|---|
| 1 | 180/4, 180/5, 179/3 | Wet Land | 85.75 Ares |
| | | **Total** | **85.75 Ares** |

(Sd.)

DISTRICT COLLECTOR,
*Malappuram*.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.05.07 09:49:25 +05:30